No. CEE/2868/2009/PGSS/TAIII

# കേരള സർക്കാർ
# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
### ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം

## <u>വിജ്ഞാപനം</u>

# ബിരുദാനന്തര ബിരുദ മെഡിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ – 2010

1. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ താഴെപറയുന്ന മെഡിക്കൽ ബിരുദാനന്തര ബിരുദ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിലേയ്ക്കുള്ള 2010 ലെ പ്രവേശനപരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

1. എം.സി.എച്ച് പീഡിയാട്രിക് സർജറി
2. എം.സി.എച്ച് പ്ളാസ്റ്റിക് സർജറി
3. എം.സി.എച്ച് ജനിറ്റോ യൂറിനറി സർജറി
4. എം.സി.എച്ച് തൊറാസിക് സർജറി
5. എം.സി.എച്ച് ന്യൂറോ സർജറി
6. എം.സി.എച്ച് ഗാസ്ട്രോ എൻട്രോളജി സർജറി
7. ഡി.എം.കാർഡിയോളജി
8. ഡി.എം.ഗാസ്ട്രോ എൻട്രോളജി
9. ഡി.എം.ന്യൂറോളജി
10. ഡി.എം.നെഫ്രോളജി

**2. പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

(a) (i) **നേറ്റിവിറ്റി:** അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം.

(ii) മെഡിക്കൽ കൗൺസിൽ ആഫ് ഇൻഡ്യ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും മെഡിക്കൽ കോളേജിൽ നിന്നും ലഭിച്ച (MD/MS/Dip.N.B.) പി.ജി. ഡിഗ്രി ബിരുദം.

(iii) കേരളത്തിലെ ഏതെങ്കിലും ഗവ. മെഡിക്കൽ കോളേജിൽ അല്ലെങ്കിൽ ഗവൺമെന്റ് ആശുപത്രിയിൽ ഒരുവർഷത്തിൽ കുറയാതെയുള്ള നിർബന്ധിത സർക്കാർ/റൂറൽ സർവ്വീസ്/സീനിയർ റസിഡൻസി, സേവനം.

(iv) ക്ലോസ് (iii) ലെ വ്യവസ്ഥയനുസരിച്ച് അപേക്ഷകരെ ലഭ്യമാകാതെ വന്നാൽ പ്രവേശന പരീക്ഷയിലെ റാങ്ക് അടിസ്ഥാനത്തിൽ യോഗ്യത അനുസരിച്ച് മറ്റ് അപേക്ഷകരെ പരിഗണിക്കുന്നതാണ്.

(v) റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്നും പാസ്സായ അപേക്ഷകരെ ആയിരിക്കും ആദ്യം പരിഗണിക്കുക. ഏതെങ്കിലും കാരണവശാൽ പ്രവേശനത്തിന് ഈ വിഭാഗത്തിൽപ്പെടുന്ന മതിയായ അപേക്ഷകരെ ലഭിച്ചില്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങളിലെ അപേക്ഷകരെ അവരുടെ പ്രവേശന പരീക്ഷ യിൽ ലഭിച്ച റാങ്കിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

(b) (i) **വിദ്യാഭ്യാസ യോഗ്യതകൾ**: എം.ബി.ബി.എസ് ബിരുദവും, കേരളത്തിലെ സർവ്വകലാ ശാലകളിൽ നിന്നും ലഭിച്ചതോ മറ്റ് സർവ്വകലാശാലകളിൽ നിന്നും ലഭിച്ചതോ, കേരളത്തിലെ

സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതുമായ MD/MS/Dip. ഈ വർഷം യോഗ്യതാ പരീക്ഷ എഴുതിയവർക്കും അപേക്ഷിക്കാം. കൗൺസിലിംഗ് വേളയിൽ അവർ പി.ജി. ഡിഗ്രി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(ii) **രജിസ്ട്രേഷൻ**: കൗൺസിലിംഗിനു ഹാജരാകുമ്പോൾ അപേക്ഷകർ എം.ബി.ബിഎസ്സ്, പി.ജി. ബിരുദങ്ങൾക്കുള്ള റ്റി.സി. മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(iii) **വയസ്സ്:** അപേക്ഷ സ്വീകരിക്കുന്ന അവസാന ദിവസം **24.05.2010**, ഉയർന്ന പ്രായപരിധി ജനറൽ മെറിറ്റിൽ അപേക്ഷിക്കുന്നവർക്ക് 45 വയസ്സും സർവ്വീസ് ക്വോട്ടയിൽ അപേക്ഷിക്കുന്ന ഹെൽത്ത് സർവ്വീസ് വിഭാഗക്കാർക്ക് 47 വയസ്സും, മെഡിക്കൽ വിദ്യാഭ്യാസ വിഭാഗക്കാർക്ക് 52 വയസ്സും കവിയരുത്.

3 **തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും**: ജനറൽ മെറിറ്റ് സീറ്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ എഴുതേണ്ടതാണ്. ജനറൽ മെറിറ്റ് സീറ്റുകളിലെ പ്രവേശനത്തിന് പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യതയായ 50% മാർക്ക് പേപ്പർ-I ന് നേടേണ്ടതാണ്. SEBC/SC/ST വിഭാഗത്തിലുള്ളവർ 40% മാർക്ക് നേടിയിരിക്കണം. എന്നാൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഒന്നും രണ്ടും പേപ്പറുകളുടെ ആകെ മാർക്കായിരിക്കും പരിഗണിക്കുന്നത്. സർവ്വീസ് വിഭാഗക്കാർക്കായി മാത്രം സംവരണം ചെയ്തിട്ടുള്ള സീറ്റിൽ പരിഗണിക്കപ്പെടേണ്ടവർ പ്രവേശന പരീക്ഷ എഴുതേണ്ടതില്ല. സർവ്വീസ് വിഭാഗക്കാരുടെ പ്രവേശനം സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ആയിരിക്കും.
**പ്രവേശന പരീക്ഷ 2010 ജൂൺ മാസം 12,13** തീയതികളിൽ തിരുവനന്തപുരത്ത് നടത്തുന്നതാണ്. ഒന്നര മണിക്കൂർ വീതം ദൈർഘ്യമുള്ള രണ്ടു പേപ്പറുകളുള്ള പരീക്ഷയുടെ ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും. അപേക്ഷാർത്ഥികൾ പരീക്ഷയുടെ ഒന്നും രണ്ടും പേപ്പറുകൾ നിർബന്ധമായും എഴുതേണ്ടതാണ്. അല്ലാത്തപക്ഷം പ്രവേശനത്തിന് അവരെ പരിഗണിക്കുന്നതല്ല. കോഴ്സ്, യോഗ്യത എന്നിവയുടെ വിശദവിവരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള പ്രോസ്പെക്ടസ്സിൽ ലഭ്യമാണ്.

4 **അപേക്ഷ സമർപ്പിക്കേണ്ട വിധം**: സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും **www.cee-kerala.org** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പൊതു അപേക്ഷാഫോം ഉപയോഗിച്ച് **ഓൺലൈനായി** അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ്സും ഇതേ വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ്സ് ക്ലോസ് VII യിൽ വിശദമാക്കിയിട്ടുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും, അതിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് SBT യുടെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതുമാണ്. ജനറൽ/സർവ്വീസ് വിഭാഗം അപേക്ഷാഫീസ്: 1500/- രൂപ; ജനറൽ മെറിറ്റ് ക്വോട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ മൊത്തം 3000/- രൂപ അടയ്ക്കേണ്ടതാണ്. SC/ST വിഭാഗക്കാർ 750 രൂപ ഫീസായി അടയ്ക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാഫോമുകൾ മെഡിക്കൽ കോളേജുകളിലോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ലഭിക്കുന്നതല്ല. ഓൺലൈനായി സമർപ്പിച്ച അപേക്ഷാഫോമിന്റെ പ്രിന്റൗട്ടിൽ അപേക്ഷകർ തങ്ങളുടെ പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ ഒട്ടിച്ച് സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ പ്രിന്റൗട്ട്, അപേക്ഷാഫീസ് ബാങ്കിൽ അടച്ചതിന്റെ ഒറിജിനൽ ചെലാൻ, പ്രോസ്പെക്ടസ്സിൽ ക്ലോസ് VII(d) യിൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം നേരിട്ടോ അല്ലെങ്കിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **24.05.2010 വൈകുന്നേരം 5** മണിക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

വിലാസം: **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001.**

സർവ്വീസ് ക്വോട്ടയിൽ മാത്രം അപേക്ഷിക്കുന്ന അപേക്ഷാർത്ഥികൾ അപേക്ഷകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല. സർവ്വീസ് വിഭാഗം അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം 24.05.2010 വൈകിട്ട് 5 മണിക്ക് മുൻപ് അവരുടെ കൺട്രോളിംഗ് ആഫീസർക്ക് (DME/DHS) സമർപ്പിക്കേണ്ടതാണ്. ജനറൽ മെറിറ്റ് ക്വോട്ടയിൽ അഡ്മിഷനു വേണ്ടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗക്കാർ പ്രവേശന പരീക്ഷാ കമ്മീഷണർക്കും, അവരുടെ കൺട്രോളിംഗ് ആഫീസർക്കും അപേക്ഷ സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും, അപാകതയുള്ളതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

5. SEBC വിഭാഗം മാർക്ക് ആനുകൂല്യത്തിന് അപേക്ഷിക്കുന്നവർ വില്ലേജാഫീസറിൽ നിന്നുള്ള ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും (വാർഷിക വരുമാനം നാലര ലക്ഷം കവിയാത്തത് ) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. SC/ST വിഭാഗക്കാർ അപേക്ഷയോടൊപ്പം തഹസിൽദാറിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

6. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

7 **റാങ്ക് ലിസ്റ്റ്**: പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുന്ന അപേക്ഷാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ **www.cee-kerala.org** പ്രസിദ്ധീകരിക്കുന്നതും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതുമാണ്.

8. **പ്രവേശനം**: സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ്, പ്രവേശനം എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ, സർക്കാർ അംഗീകൃത പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.

9. സർക്കാർ അംഗീകരിച്ച്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമായിട്ടുള്ളതുമായ 2010 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (സൂപ്പർ സ്പെഷ്യാലിറ്റി) കോഴ്സുകളുടെ പ്രോസ്പെക്ടസ്സിലുള്ള വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് എല്ലാ അപേക്ഷകരും ശ്രദ്ധിക്കേണ്ടതാണ്.



തിരുവനന്തപുരം
**06.05.2010**

ബി.എസ്.മാവോജി ഐ.എ.എസ്
**പ്രവേശന പരീക്ഷാ കമ്മീഷണർ**